150 YEARS OF CELEBRATING THE MAHATMA

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

നമ്പർ:എസ്റ്റാ.I അഡീ.(1) 16614/2013/ഗ.വി.

തിരുവനന്തപുരം,
തീയതി : 26/02/2020

**ക്വട്ടേഷൻ നോട്ടീസ്**

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉടമസ്ഥതയിലുള്ളതും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തുള്ള ആസ്ഥാന ആഫീസ് കോമ്പൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതുമായ വിറകിനു വേണ്ടി ഉപയോഗിക്കാവുന്ന മരത്തടികൾ, മരച്ചില്ലകൾ മുതലായവ ക്വട്ടേഷൻ മുഖേന വിൽക്കുന്നു.

**നിബന്ധനകൾ:-**

1) ടി സാധനങ്ങൾ വാങ്ങാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തിദിവസങ്ങളിൽ ആഫീസ് സമയത്ത് ആയവ പരിശോധിക്കാവുന്നതാണ്.

2) ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായ 5,00/- രൂപ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റായി ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.

3.) ടി സാധനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന വിലാസത്തിൽ 29 **.02.2020** ശനിയാഴ്ച **1 p.m** നകം ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

4) ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനുമുകളിൽ ''വിറക് തടി വാങ്ങാനുള്ള ക്വട്ടേഷൻ' എന്ന് പ്രത്യേകം എഴുതിയിരിക്കണം.

5) നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണി ക്കുന്നതല്ല.

6) ക്വട്ടേഷൻ സമർപ്പിക്കുന്നവർ തങ്ങളുടെ ഏതെങ്കിലുമൊരു അംഗീകൃത ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ ശരിപ്പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

7) 29 .02.2020 ....ശനിയാഴ്ച 3 മണിയ്ക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.

8) അംഗീകരിയ്ക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള തുക ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും, ലേലത്തിൽ പിടിച്ച തീയതിമുതൽ 3 ദിവസത്തിനകം ടി സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

9) കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിൽ സ്ഥിരമോ താൽക്കാലികമോ ആയി ജോലി നോക്കുന്നവർ ക്വട്ടേഷൻ നടപടികളിൽ പങ്കാളികളാവാൻ പാടുള്ളതല്ല.

10) ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

11) ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ 29.02.2020 ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാനതീയതിയായി കണക്കാക്കുന്നതായിരിക്കും

12) കൂടുതൽ വിവരങ്ങൾക്ക് 0471-2546250 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്

സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ,

പകർപ്പ്:

1) പി.ആർ.യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജന്റ്
5) വെബ് സൈറ്റ്
6) സ്റ്റോക്ക് ഫയൽ